# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## ഭവനസമുന്നതി പദ്ധതി (2025-26) –
## ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങളുടെ പുനരുദ്ധാരണം

***നിബന്ധനകളും, മാർഗ്ഗനിർദേശങ്ങളും***

- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരായിരിക്കണം. (വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് എന്നിവ രേഖകളായി സ്വീകരിക്കുന്നതാണ്.)
- പുനരുദ്ധാരണത്തിനുള്ള വീടും വീട് ഉൾപ്പെടുന്ന വസ്തുവും അപേക്ഷകന്റെ പേരിലുള്ളതായിരിക്കണം.
- പുനരുദ്ധരിക്കപ്പെടേണ്ട വീടിന്റ ഉടമസ്ഥരായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ഉടമസ്ഥാവകാശം തെളിയിക്കുന്നതിലേക്കായി 2025-2026 സാമ്പത്തിക വർഷത്തിലെ വീട്ടുകരം അടച്ച രസീതോ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റോ ഹാജരാക്കണം.
- പുനരുദ്ധാരണത്തിന് അപേക്ഷ നൽകുന്ന വീട്ടുടമസ്ഥർ, നിലവിൽ അതാത് വീടുകളിലെ സ്ഥിര താമസക്കാരായിരിക്കണം. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
- അപേക്ഷകന്റെ പേരിലുള്ള വീട്ട്കരം, വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വസ്തുക്കരം  എന്നിവ ഒടുക്കിയ രസീത് കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. [വീട്ട്കരം ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖ (അപേക്ഷകന്റെ പേരിലുള്ളത്) ഹാജരാക്കണം].
- വീടും, വീട് ഉൾപ്പെടുന്ന വസ്തുവും ഒന്നിലധികം വ്യക്തികളുടെ പേരിലാണെങ്കിൽ ഉടമസ്ഥാവകാശമുള്ള മുഴുവൻ വ്യക്തികളുടേയും സമ്മതപത്രം മുദ്രപത്രത്തിൽ (നോട്ടറിയിൽ നിന്നും) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
- അറ്റകുറ്റപ്പണികൾ ചെയ്യേണ്ട വീടിന്റേയും അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റേയും മേൽവിലാസം ഒന്നുതന്നെയായിരിക്കണം.
- സംസ്ഥാന സർക്കാരിന്റേയോ കേന്ദ്ര സർക്കാരിന്റേയോ ഭവന പദ്ധതികളുടെ ഗുണഭോക്താവായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല.
- അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിലുള്ള **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും **നാല് ലക്ഷം** രൂപ കവിയാൻ പാടുള്ളതല്ല. **(വ്യക്തിഗത വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല)**
- പുതിയ റേഷൻ കാർഡ്  (സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഏറ്റവും  ഒടുവിൽ ലഭ്യമായിട്ടുള്ളത്) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. 4 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള **മുൻഗണന AAY, മുൻഗണന വിഭാഗം** (മഞ്ഞ / പിങ്ക് റേഷൻ കാർഡ്) കാർഡ് ഉടമകൾക്ക് അപേക്ഷിക്കാം. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്.
- ഒരേ വരുമാനമുള്ളവരെ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന ക്രമത്തിലായിരിക്കും കുടുംബങ്ങൾക്ക് പരിഗണന നൽകുക. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
    1. ഒറ്റപ്പെട്ട സ്ത്രീ (വിധവ/ അവിവാഹിത/ വിവാഹബന്ധം വേർപിരിഞ്ഞ/ ആശ്രിതരില്ലാത്ത) ഗൃഹനാഥയായ അല്ലെങ്കിൽ ആശ്രയമായ കുടുംബം..
    2. ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം.
    3. സംരക്ഷിക്കാൻ ആരുമില്ലാത്ത കുട്ടികൾ മാത്രമടങ്ങിയ കുടുംബം.
    4. ട്രാൻസ്ജെന്റേഴ്സ് ഗൃഹനാഥരായ കുടുംബം.
- പുനരുദ്ധാരണം ചെയ്യേണ്ട വീട്/ വീട് ഉൾപ്പെടുന്ന വസ്തു എന്നിവയിന്മേൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയമപരമായ തടസ്സമുണ്ടാക്കുന്ന തരത്തിൽ കേസുകളോ തർക്കങ്ങളോ ഉള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല. അത്തരക്കാർ അപേക്ഷിക്കേണ്ടതില്ല.
- **അപേക്ഷകന്റെ പേരും മേൽവിലാസവും അപേക്ഷയിലും ബന്ധപ്പെട്ട രേഖകളിലും ഒന്ന് തന്നെയായിരിക്കണം. ഇതിൽ വ്യത്യാസമുള്ള പക്ഷം രണ്ടും ഒരാൾ തന്നെയാണെന്ന് വ്യക്തമാക്കുന്ന "One and the same" സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത്തരം വ്യത്യാസങ്ങളടങ്ങുന്ന രേഖകൾ/ സർട്ടിഫിക്കറ്റുകൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.**
- **പുതിയതായി വീട് വയ്ക്കുന്നതിനോ, നിർമ്മാണ പ്രവർത്തനം നടന്ന് വരുന്ന പുതിയ ഭവനത്തിന്റെ പൂർത്തീകരണത്തിനോ ധനസഹായം അനുവദിക്കുന്നതല്ല.**
- **മെയിന്റനൻസ് പ്രവൃത്തികൾ നടത്തുവാൻ ആവശ്യമായ കെട്ടുറപ്പുള്ള വീടുകൾ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കപ്പെടുകയുള്ളൂ. പുനരുദ്ധാരണത്തിനായി തെരെഞ്ഞെടുക്കപ്പെടുന്ന വീടിന് ബലക്ഷയം ഉണ്ട് എന്ന കാരണത്താൽ പൂർണ്ണമായി പൊളിച്ച് പുതിയ വീട് വയ്ക്കുന്നത് അനുവദനീയമല്ല.**
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ച് അപേക്ഷകന്റെ ഒപ്പ് രേഖപ്പെടുത്തിയിരിക്കണം. അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.
- തെരെഞ്ഞെടുക്കപ്പെടുന്ന വീടുകൾ കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ, കോർപ്പറേഷൻ നിയോഗിക്കുന്ന എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതും പുനരുദ്ധാരണം സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമാണ്. അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദി

ക്കുന്നതാണ്. പുനരുദ്ധാരണത്തിന്റെ ആവശ്യകത വിലയിരുത്തിയ ശേഷം എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ തുക മാത്രമേ കോർപ്പറേഷൻ അനുവദിക്കുകയുള്ളൂ.

- അറ്റകുറ്റപ്പണികൾക്കായി നൽകുന്ന പരമാവധി ധനസഹായം വീടൊന്നിന് 2 ലക്ഷം രൂപയാണ്. ധനസഹായം രണ്ട് ഘട്ടങ്ങളിലായി താഴെപ്പറയും പ്രകാരം വിതരണം ചെയ്യുന്നതാണ്.

| ഘട്ടം | നൽകുന്ന തുക | നിർമ്മാണ ഘട്ടം |
|---|---|---|
| ഒന്ന് | അംഗീകൃത എസ്റ്റി മേറ്റിന്റെ 50% തുക | തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് കോർപ്പറേഷനുമായി കരാർ വയ്ക്കുന്ന മുറയ്ക്ക് മുൻകൂറായി നൽകുന്നു. |
| രണ്ട് | അംഗീകൃത എസ്റ്റി മേറ്റിന്റെ ശേഷി ക്കുന്ന തുക (50%) | നിർമ്മാണം പൂർത്തീകരിച്ചതായി കോർപ്പറേഷൻ ചുമതലപ്പെടുത്തിയ എഞ്ചിനീയറുടെ സാക്ഷ്യ പത്രത്തിന്റെ (Completion Certificate) അടിസ്ഥാന ത്തിൽ നൽകുന്നു. |

- **തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുകയോ കൈപ്പറ്റിയ ശേഷം അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം അറ്റകുറ്റപ്പണികൾ നടത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം അനുവദിച്ച തുക 12% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതും പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നതുമാണ്.**
- ധനസഹായം നൽകുന്നത് സംബന്ധിച്ച് കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്.
- അപേക്ഷകൾ തപാൽ മുഖേനയോ നേരിട്ടോ കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്. **അപേക്ഷകൾ കോർപ്പറേഷനിൽ ലഭിക്കേണ്ട അവസാന തീയതി *30/09/2025, 5PM.*** അവസാന തീയതിക്ക് ശേഷം കോർപ്പറേഷനിൽ ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

XXXXXXXXXXXXXXXXXXXXXX

Photo

# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## ഭവനസമുന്നതി - ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങളുടെ പുനരുദ്ധാരണ പദ്ധതി (2025-26)

## റേഷൻ കാർഡ് വിഭാഗം

**മുൻഗണന AAY (മഞ്ഞ കാർഡ്)** ☐ **/ മുൻഗണന (പിങ്ക് കാർഡ്)** ☐

(റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ് നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്)

**അപേക്ഷാ ഫോം**

(നിബന്ധനകൾ പൂർണ്ണമായും വായിച്ച ശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക)

1. അപേക്ഷക/അപേക്ഷകന്റെ പേര് (മലയാളത്തിൽ) : ........................................
2. ജനനതീയതി, വയസ്സ് :........................................
3. അച്ഛന്റെ/ ഭർത്താവിന്റെ/ രക്ഷകർത്താവിന്റെ പേര് :........................................
4. മതം, ജാതി :........................................
   (ജാതി തെളിയിക്കുന്ന രേഖ-വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് ഉള്ളടക്കം ചെയ്യേണ്ടതാണ്)
5. പൂർണ്ണമായ മേൽവിലാസം : ........................................
   (വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് സഹിതം) ........................................
   ........................................
   ........................................
6. ലാൻഡ് ലൈൻ/മൊബൈൽ ഫോൺ നമ്പർ :........................................
7. കുടുംബ വാർഷിക വരുമാനം :........................................
   (റവന്യൂ അധികാരി നൽകുന്ന അപേക്ഷകന്റെ/ അപേക്ഷകയുടെ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

8. അറ്റകുറ്റപ്പണി ആവശ്യമായ വീട് നമ്പർ,
വാർഡ് നമ്പർ, വാർഡിന്റെ പേര് : ......................................

..........................................

9. തദ്ദേശ സ്ഥാപനത്തിന്റെ പേര് : ......................................

10. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ
പേര് : ......................................

11. 2025-26 വർഷം വീട്ട്കരം അടച്ച
രസീതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടോ : ഉണ്ട്/ ഇല്ല

(വീട്ട്കരം ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത്
തെളിയിക്കുന്ന രേഖ ഉള്ളടക്കം ചെയ്യേണ്ടതാണ്)

12. വീട് അപേക്ഷകന്റെ/ അപേക്ഷകയുടെ
പേരിലാണോ? : അതെ/ അല്ല

13. വീട് ഉൾപ്പെടുന്ന ഭൂമിയുടെ സർവ്വേ നമ്പർ :......................................

(വസ്തുകരം അടച്ച രസീതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

14. ആധാർ നമ്പർ :......................................

(പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

15. ബാങ്ക് അക്കൗണ്ട് നമ്പർ :......................................

(അപേക്ഷകന്റെ പേരിലുള്ള
ബാങ്ക് പാസ്ബുക്കിന്റെ പ്രസ്തുത പേജിന്റെ പകർപ്പ്)

16. അപേക്ഷക ഒറ്റപ്പെട്ട/വിധവ/ അവിവാഹിത/
വിവാഹ ബന്ധം വേർപിരിഞ്ഞ/
ആശ്രിതരില്ലാത്ത സ്ത്രീ ആയ ഗൃഹനാഥ
ആണോ? : അതെ/ അല്ല

17. അപേക്ഷകൻ/അപേക്ഷക ഭിന്നശേഷി ആയ
ഗൃഹനാഥൻ/ഗൃഹനാഥ ആണോ? : അതെ/ അല്ല

18. സംരക്ഷിക്കാൻ ആരുമില്ലാത്ത കുട്ടികൾ
മാത്രമടങ്ങിയ കുടുംബം ആണോ? : അതെ/ അല്ല

19. അപേക്ഷകർ ട്രാൻസ്ജെന്റേഴ്സ്
ആയ ഗൃഹനാഥർ ആണോ? : അതെ/ അല്ല

20. വീടിന്റെനിലവിലെ സ്ഥിതി : ഓലമേഞ്ഞത്/ ഓടിട്ടത്/
കോൺക്രീറ്റ് കെട്ടിടം/ മറ്റുള്ളവ

21. .വീടിന്റെ വിസ്തീർണ്ണം, കാലപ്പഴക്കം :...............................

22. വീടിന് നിലവിൽ ആവശ്യമായ
അറ്റകുറ്റപ്പണികൾ (ചോർച്ച, അടച്ചുറപ്പില്ലാത്തവ
മുതലായവ) :...............................

23. പ്രധാനപ്പെട്ട ജംഗ്ഷനിൽ നിന്നും
വീട്ടിലേക്കുള്ള ദൂരവും എത്തിച്ചേരാനുള്ള
വഴിയും വിശദമാക്കുക :...............................
(പ്രധാനപ്പെട്ട ലാൻഡ് മാർക്ക് ഉൾപ്പെടെ)

അപേക്ഷകന്റെ പേര് :

ഒപ്പ് :

തീയതി:

# <u>സാക്ഷ്യപത്രം - I</u>

............................ താലൂക്കിൽ...................................... വില്ലേജിൽ........................ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ - ലെ ..................... സർവ്വെ നമ്പറിലുള്ള ................... നമ്പർ വീട്ടിന്റെ ഉടമസ്ഥനായ ............................................ (പേര്) പ്രസ്തുത വീട്ടിലെ സ്ഥിര താമസക്കാരാണെന്നും കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ഇതര ഭവന പദ്ധതികളുടെ ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലെന്നും അപേക്ഷകന്റെയോ അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിലെ കുടുംബാംഗങ്ങളുടെയോ പേരിൽ വാസയോഗ്യമായ മറ്റു ഭവനങ്ങളില്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

(ഓഫീസ് മുദ്ര)

പേര് :

സ്ഥാനപ്പേര് :

(ഓഫീസ്മുദ്ര)

സ്ഥലം :

തീയതി :

NB:-**<u>സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി/പ്രസിഡന്റ്/ ആയിരിക്കണം. ഔദ്യോഗിക രേഖകൾ പരിശോധിച്ചതിന് ശേഷം മാത്രമേ സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ പാടുള്ളൂ. ഓഫീസ് മുദ്ര നിർബന്ധമായും പതിപ്പിക്കേണ്ടതാണ്.</u>**

# <u>സാക്ഷ്യപത്രം - II</u>

.................. നമ്പർ റേഷൻ കാർഡിലെ അംഗമായ .......................................... (പേര്) ഗൃഹനാഥൻ/ ഗൃഹനാഥയാണെന്നും, ഒറ്റപ്പെട്ട സ്ത്രീ (വിധവ/ അവിവാഹിത/ വിവാഹബന്ധം വേർപിരിഞ്ഞ/ ആശ്രിതരില്ലാത്ത) ഗൃഹനാഥയായ അല്ലെങ്കിൽ ആശ്രയമായ കുടുംബം/ ഭിന്നശേഷിക്കാർ / സംരക്ഷിക്കാൻ ആരുമില്ലാത്ത കുട്ടികൾ മാത്രമടങ്ങിയ കുടുംബം / ട്രാൻസ്ജെന്റേഴ്സ് ഗൃഹനാഥരായ കുടുംബം (✓ *ചെയ്യുക*) ആണെന്നും സാക്ഷ്യപ്പെടുത്തുന്നു. റേഷൻ കാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ് :

പേര് :

സ്ഥാനപ്പേര് :

(ഓഫീസ്മുദ്ര)

സ്ഥലം :

തീയതി :

(NB:- സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ/ ചെയർമാൻ/ പ്രസിഡന്റ്/ കൗൺസിലർ/ മെമ്പർ/ എം.പി/ എം.എൽ.എ എന്നിവരിൽ ആരെങ്കിലുമായിരിക്കണം)

***<u>അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്</u>***

1. പുതിയ റേഷൻകാർഡ് 1,2 പേജുകൾ (പകർപ്പ്)
   (സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ളത്).
2. അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിലുള്ള **<u>കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്</u>** (റവന്യൂ അധികാരി നൽകുന്ന <u>കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്</u>)
3. ജാതി സർട്ടിഫിക്കറ്റ് (ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്)
4. ആധാർ നമ്പർ (പകർപ്പ്)
5. അപേക്ഷകന്റെ പേരിൽ വീട്ട്കരം അടച്ച രസീത്, വീട്ട്കരം ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖ (അപേക്ഷകന്റെ പേരിൽ ഉള്ളത്) (പകർപ്പ്)
6. അപേക്ഷകന്റെ പേരിൽ വസ്തുക്കരം അടച്ച രസീത് (പകർപ്പ്)
7. വീടും വീട് ഉൾപ്പെടുന്ന വസ്തുവും ഒന്നിലധികം വ്യക്തികളുടെ പേരിലാണെങ്കിൽ ടി മുഴുവൻ വ്യക്തികളുടേയും സമ്മതപത്രം (200 രൂപയുടെ മുദ്രപത്രത്തിലുള്ളത്- നോട്ടറി സാക്ഷ്യപ്പെടുത്തിയത്) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
8. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്ക് (പകർപ്പ്)
9. **അപേക്ഷകന്റെ പേരും മേൽവിലാസവും അപേക്ഷയിലും ബന്ധപ്പെട്ട രേഖകളിലും ഒന്ന് തന്നെയായിരിക്കണം. ഇതിൽ വ്യത്യാസമുള്ള പക്ഷം രണ്ടും ഒരാൾ തന്നെയാണെന്ന് വ്യക്തമാക്കുന്ന "One and the same" സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത്തരം വ്യത്യാസങ്ങളടങ്ങുന്ന രേഖകൾ/ സർട്ടിഫിക്കറ്റുകൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.**
10. അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ **"<u>ഭവന സമുന്നതി (2025-26) പദ്ധതിയിലേയ്ക്കുള്ള അപേക്ഷ</u>"**എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
11. **<u>അപേക്ഷകൾ കോർപ്പറേഷനിൽ ലഭിക്കേണ്ട അവസാന തീയതി *30/09/2025, 5PM.*</u>**

**<u>അപേക്ഷകൾ അയക്കേണ്ട വിലാസം</u>**

മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന മുന്നാക്ക
സമുദായ ക്ഷേമ കോർപ്പറേഷൻ
L2, കുലീന, TC.23/2772,ജവഹർ നഗർ,
കവടിയാർ.പി.ഒ, തിരുവനന്തപുരം- 695003.